## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 623 19-03-2013 ലെ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് സ്കീം

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|
| (എ) കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തി ഓരോ ചികിത്സയ്ക്കും എത്ര രൂപ വീതമാണ് സഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ചികിത്സ നടത്തുന്ന സർക്കാർ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന ചികിത്സാ ചെലവ് കണക്കാക്കി കൊണ്ടുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലും, അക്രെഡിറ്റഡ് ആശുപത്രികളി ലെ ചികിത്സാ പാക്കേജിന്റെ അടിസ്ഥാനത്തിലും പരമാവധി രണ്ട് ലക്ഷം രൂപവരെയാണ് ചികിത്സാധനസഹായം അനുവദിക്കുന്നത്. |
| (ബി) പല ആശ്രുപത്രികളിലും ലഭ്യമാവുന്ന തുക ചികിത്സാ ചെലവിന് മതിയാകുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) ഓരോ രോഗിക്കുവേണ്ടിയും സർക്കാർ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന ചികിത്സാ എസ്റ്റിമേറ്റ് അനുസരിച്ച് രോഗിയുടെ കുടുംബത്തിന് പരമാവധി രണ്ടു ലക്ഷം രൂപ വരെയാണ് ചികിത്സാ ധനസഹായമായി പ്രസ്തുത ആശുപത്രികളിലേക്ക് അനുവദിക്കുന്നത്. രണ്ടു ലക്ഷത്തിൽ കൂടുതൽ ചികിത്സാ ചെലവുവന്നാൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും നല്കുവാൻ നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ.